"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ് - "ശരണബാല്യം" പദ്ധതിയിലെ 17 റെസ്ക്യൂ ഓഫീസർമാർക്ക് പുതുക്കിയ നിരക്കിൽ വേതനം അനുവദിക്കുന്നതിന് ആവശ്യമായ 3,04,640/-രൂപ (മൂന്ന് ലക്ഷത്തി നാലായിരത്തി അറുന്നൂറ്റി നാൽപ്പതു രൂപ) State Level Administration എന്ന ഇനത്തിൽ നിന്നും, പ്രസ്തുത ഇനത്തിലെ നടപ്പ വർഷത്തെ ആകെ ചെലവ് 53,70,960/- രൂപയിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ, വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിത ശിശു വികസന (സി) വകുപ്പ്

സ.ഉ.(സാധാ) നം.472/2025/WCDD തീയതി,തിരുവനന്തപുരം, 12-11-2025

---

പരാമർശം:- 1. 27.05.2025-ലെ സ.ഉ(സാധാ)നം.205/2025/വശിവിവ
2 30.07.2025-ലെ സ.ഉ(സാധാ)നം.362/2025/വശിവിവ
3 വനിത ശിശു വികസന ഡയറക്ടറുടെ 12-09-2025 ലെ DWCD/4718/2025-ICPS 11 നമ്പർ കത്ത്

<u>ഉത്തരവ്</u>

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ കീഴിലുള്ള കാവൽ പ്ലസ്-ശരണബാല്യം പദ്ധതിക്കായി നടപ്പ സാമ്പത്തിക വർഷം 1,31,94,134/രൂപ വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകി പരാമർശം (1 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കാവൽ പ്ലസ് - ശരണബാല്യം പദ്ധതിയിലെ റെസ്ക്യൂ ഓഫീസർ തസ്തികയ്ക്ക് ദിവസ വേതന/കരാർ നിയമനം സംബന്ധിച്ച പൊതു ഉത്തരവുകളിലെ കാറ്റഗറി III നിശ്ചയിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.ഇതു പ്രകാരം "ശരണബാല്യം" പദ്ധതിയിലെ 17 റെസ്ക്യൂ ഓഫീസർമാർക്ക് കാറ്റഗറി III പ്രകാരമുള്ള നിലവിലെ വേതനമായ 22,240/- രൂപ അനുവദിക്കുന്നതിന് അധികമായി ആവശ്യമായ 3,04,640/-രൂപ, (മൂന്ന് ലക്ഷത്തി നാലായിരത്തി അറുന്നൂറ്റി നാൽപ്പതു രൂപ) പദ്ധതിക്ക് നടപ്പ വർഷം ഭരണാനുമതി നൽകിയതിൽ State Level Administration എന്ന ഇനത്തിൽ വകയിരുത്തിയിട്ടുള്ള 53,70,960/- രൂപയിൽ നിന്നും വിനിയോഗിക്കുന്നതുള്ള അനുമതി ലഭ്യമാക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടർ പരാമർശം (2 )പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "ശരണബാല്യം" പദ്ധതിയിലെ 17 റെസ്ക്യൂ ഓഫീസർമാർക്ക് പരാമർശം (1) പ്രകാരം നിശ്ചയിച്ച നിരക്കിൽ വേതനം അനുവദിക്കുന്നതിന് അധികമായി ആവശ്യമായ 3,04,640/-രൂപ (മൂന്ന് ലക്ഷത്തി നാലായിരത്തി അറുന്നൂറ്റി നാൽപ്പതു രൂപ) പദ്ധതിക്ക് നടപ്പ വർഷം ഭരണാനുമതി നൽകിയതിൽ State Level Administration എന്ന ഇനത്തിൽ വകയിരുത്തിയിട്ടുള്ള 53,70,960/- രൂപയിൽ നിന്നും പ്രസ്തുത

ഇനത്തിലെ നടപ്പ വർഷത്തെ ആകെ ചെലവ് 53,70,960/- രൂപയിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ, വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ)/എ&ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ